പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1126** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരം പാലം, പാറക്കടവ് പാലം എന്നിവയുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പാറക്കടവ് പാലം നിർമ്മാണത്തിനായി സമർപ്പിച്ച ₹5 കോടി രൂപയുടെ എസ്റ്റിമേറ്റ്, കണ്ണപുരം പാലം നിർമ്മാണത്തിനായി സമർപ്പിച്ച ₹5.5017 കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ തത്ക്കാലം മാറ്റി വെച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെട്ടുവരുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**(സി)** പ്രസ്തുത മണ്ഡലത്തിലെ ഇരിണാവ് പാലം, താവം കാപ്പ് പാലം, മാട്ടൂൽ മടക്കര പാലം, ഇരിണാവ് പാലം അപ്രോച്ച് റോഡ് ഉയർത്തൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഇരിണാവ് പാലം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | താവം കാപ്പ് പാലം | ടി പ്രവൃത്തിക്കായി സമർപ്പിച്ച ₹631 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തത്ക്കാലം മാറ്റി വെച്ചിരുന്നു. 2026-27 - ലെ ബഡ്ജറ്റിൽ ₹100 രൂപ ടോക്കൺ പ്രോവിഷൻ ലഭിച്ചിട്ടുണ്ട്. |
| 3 | മാട്ടൂൽ മടക്കര പാലം പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | ഇരിണാവ് പാലം approach റോഡ് അറ്റകുറ്റപ്പണി | ₹11.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി ആയതിന് ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**